

## വികാരിയിൽ നിന്ന്



ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ പ്രീയരേ,
"ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ" (മത്തായി 11 :29).
എന്താണ് ക്രിസ്തീയ താഴ്മ ? അത് സത്യത്തെക്കുറിച്ചുള്ള അവബോധമാണ്. ഞാനാരാണെന്ന സത്യത്തോടുള്ള പ്രതിബദ്ധതയാണ്. St. Tikhon ന്റെ മനോഹരമായ ഒരു പുസ്തകമുണ്ട്. " Journey to Heaven", പ്രസ്തുത പുസ്തകത്തിൽ അഹങ്കാരിയുടെ ലക്ഷണങ്ങൾ അക്കമിട്ടു പറയുന്നുണ്ട്. നമ്മിൽ അതിലെത്രയുണ്ട് എന്ന് സ്വയം ചിന്തിക്കുന്നത് നല്ലതാണന്ന് തോന്നുന്നു.

1. ഡംഭിയായ മനുഷ്യൻ എല്ലാവിധത്തിലും എപ്പോഴും പുകഴ്ച ആഗ്രഹിക്കുന്നു.
2. താൻ ആരെങ്കിലുമൊക്കെയാണ് എന്ന രീതിയിൽ മറ്റുള്ളവരെ ഭരിക്കാൻ ഇഷ്ടപ്പെടുന്നു.
3. പിറു പിറുപ്പും അസന്തുഷ്ടിയും പ്രകടിപ്പിക്കുന്നു
4. മറ്റുള്ളവരുടെ കാര്യത്തിൽ ആവശ്യമില്ലാതെ ഇടപെടുന്നു.
5. എപ്പോഴും ഞാൻ അതും ഇതും ചെയ്തു എന്നെല്ലാം പറയുന്നു
6. മറ്റുള്ളവരെ പരിഹസിക്കുന്നു
7. അക്ഷമ കാണിക്കുന്നു.

ക്രിസ്തീയ ജീവിതത്തിന്റെ മുഖമുദ്ര വിനയത്തിന്റെയും ലാളിത്യത്തിന്റെയും താഴ്മയുടെതും ആണെന്ന് പലപ്പോഴും നാം തിരിച്ചറി യുന്നില്ല. വന്ന വഴികളെക്കുറിച്ച് മറവി സംഭവിച്ചവരായിത്തീരുന്നു. പഴയ ജീവിതാനുഭവങ്ങളിലേക്ക് ഒരു തിരിഞ്ഞുനോട്ടം നമ്മെ കൂടുതൽ വിനയാന്വിതരാക്കും. പത്രോസ് അപ്പോസ്തലൻ ലേഖനത്തിൽ ഇപ്രകാരം പറയുന്നുണ്ട്. "ദൈവം നിഗളികളോട് എതിർത്ത് നിൽക്കുന്നു താഴ്മയുള്ളവർക്ക് കൃപ നൽകുന്നു. അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പിൻ" (1 പത്രോസ് 5 : 6.)

ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നമ്മളിലും ഉണ്ടാകാൻ പ്രാർത്ഥിക്കണം. ക്രിസ്ത്യാനിയുടെ മുഖം വികൃതമാക്കുന്ന ജീവിത ശൈലിയും, പ്രവർത്തനങ്ങളും ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നില്ല. സ്നേഹത്തിന്റെയും കരുതലിന്റെയും വിജയത്തിന്റെയും ജീവിതാനുഭവങ്ങൾ മറ്റുള്ളവർക്ക് പകർന്നു നൽകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

സെപ്റ്റംബർ 7-ാം തീയതി മുതൽ 13-ാം തീയതി വരെ നടന്ന വി. ബി. എസ്. ഏറ്റവും അനുഗ്രഹപ്രദമായിരുന്നു. ഒത്തൊരുമയുടെയും, കഠിനാധ്വാനത്തിന്റെയും, സമർപ്പണത്തിന്റെയും ദിനങ്ങൾ. നമ്മെ നയിച്ചവരോടുള്ള കടപ്പാടുകൾ നാം മറക്കരുത്. നേതൃത്വം നൽകിയ ശ്രീ ജിസ്സിൻ, അനുഗ്രഹിക്കപ്പെട്ട നിലയിൽ കൺവീനർ ആയി പ്രവർത്തിച്ചു ശ്രീ. ബെൻസി, ജിജു, മറ്റ് കമ്മിറ്റി അംഗങ്ങൾ ഭക്ഷണം നൽകി സഹായിച്ചവർ എന്തിനും തയ്യാർ ആണെന്നുള്ള ആവേശത്തോടെ പ്രവർത്തിച്ച ചുറുചുറുക്കുള്ള നമ്മുടെ യുവജനസഖ്യാംഗങ്ങളായ വോളണ്ടിയേഴ്സ് താമസസൗകര്യം ക്രമീകരിച്ച ശ്രീ. ലിങ്കൺ എബ്രഹാമും കുടുംബവും ഇടവകയുടെ ഔദ്യോഗിക ചുമതലക്കാർ എല്ലാവരോടുമുള്ള നിസ്സീമമായ നന്ദി പ്രകാശിപ്പിക്കുന്നു.

ഒക്ടോബർ 4-ാം തീയതി സന്നദ്ധ സുവിശേഷ സംഘ ദിനമായി സഭയായി നാം ആഘോഷിക്കുന്നു. "ഓരോ മാർത്തോമക്കാരനും ഓരോ സുവിശേഷകൻ ആണ്" എന്ന എബ്രഹാം മാർത്തോമ്മ മെത്രാപ്പോലീത്ത തിരുമേനിയുടെ വാക്കുകൾ എത്രയോ അർത്ഥപൂർണ്ണമാണ്. ദൈവം ആക്കുന്ന ഇടങ്ങളിൽ സുവിശേഷത്തിന്റെ കാവൽക്കാരായി നിൽക്കാൻ നമുക്ക് ശ്രമിക്കാം.

ഒക്ടോബർ 11-ാം തീയതി ഭിന്നശേഷിയുള്ളവരോടുള്ള കരുതൽ എന്നതാണ് നാം ചിന്തിക്കുന്നത്. ദൈവസൃഷ്ടിയെ ആദരിക്കുവാനും, ബഹുമാനിക്കുവാനും നമുക്ക് കടപ്പാടുണ്ടെന്ന് അനുസ്മരിപ്പിക്കട്ടെ.

ഒക്ടോബർ 18-ാം തീയതി യുവജന ഞായറാഴ്ച്ചയായി സഭയായി നാം ആഘോഷിക്കുന്നു. ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്. യൗവനത്വത്തെ തകർത്തെറിയുന്ന ജീവിതാനുഭവങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കേണ്ടത് അനിവാര്യമാണെന്ന് അപ്പോസ്തലൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഒക്ടോബർ 25-ാം തീയതി കുടുംബ പ്രതിഷ്ഠാ ദിനമാണ് ദൈവ രാജ്യത്തിന്റെ ചെറിയ പതിപ്പായ കുടുംബം മഹത്തായ ദൈവ രാജ്യ അനുഭവങ്ങൾ ലോകത്തിന് പകർന്നു നൽകാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ്.

ക്രിസ്ത്യാനി ആയിരിക്കുക എന്നത് ഒരു തൊഴിലല്ല, അത് ഒരു വിളിയാണ്. ദൈവികമായ ഈ വിളി സ്വീകരിക്കുമ്പോൾ നമ്മളെ ആക്കുന്ന ഇടങ്ങളിൽ പ്രകാശം പരത്തുന്നവരാകാൻ കഴിയും. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

സ്നേഹത്തോടെ സാമച്ചൻ.